**No. CEE/810/LLM-2020/TA2**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## 2020–21– ലെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശനം

## അപേക്ഷകരുടെ താല്ക്കാലിക വിവരങ്ങൾ പ്രസിദ്ധീകരിച്ചു.

2020–21 അധ്യയന വർഷം സംസ്ഥാനത്തെ എൽ.എൽ.എം കോഴ്സിന്റെ പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ച അപേക്ഷകരുടെ താല്ക്കാലിക വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വെബ്സൈറ്റിലെ നിർദ്ദിഷ്ട ലിങ്കിൽ അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രൊഫൈൽ പേജിൽ പ്രവേശിച്ച് പേര്, ജനന തീയതി, നേറ്റിവിറ്റി, അനുവദിക്കപ്പെട്ട സമുദായിക/ പ്രത്യേക/ ശാരീരിക അവശതയുള്ളവർക്കുള്ള സംവരണാനുകൂല്യങ്ങൾ, EWS, വാർഷിക വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

ഹോം പേജിലെ **'Memo Details'** എന്ന ലിങ്കിൽ പ്രവേശിച്ചാൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരം ദൃശ്യമാകുന്നതാണ്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ വെബ്സൈറ്റിലെ നിർദ്ദിഷ്ട ലിങ്കിലൂടെ അപ്‌ലോഡ് ചെയ്യുന്നതിന് **2020 ജൂലൈ 15–ാം തീയതി വൈകുന്നേരം 5 മണി** വരെ സൗകര്യം ലഭ്യമാകുന്നതാണ്.

**കുറിപ്പ്:** വിദ്യാർത്ഥികൾ അപാകതകൾ പരിഹരിക്കുന്നതിനുള്ള അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

ഹെൽപ്പ് ലൈൻ നം.: 0471 2525300

Geetha

തിരുവനന്തപുരം

01.07.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**